## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4600 — 18/05/2017-ൽ മറുപടിക്ക്

## ഗാർഹിക ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ<br>,, വി. അബ്ദുറഹിമാൻ<br>,, കെ. ബാബു<br>,, കെ.ജെ. മാക്സി | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഫലമായി ഗാർഹിക ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലം വൈദ്യുതി ഉപഭോഗം എത്രത്തോളം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുതി ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള എൽ.ഇ.ഡി ബൾബുകളും മറ്റും ഉപഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നാണ് കരുതുന്നത്. |
| (ബി) | ഗാർഹിക ഉപഭോക്താക്കളിൽ നിന്നുള്ള വരുമാനം വൈദ്യുതിയിൽ നിന്നുമുള്ള മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഗാർഹിക ഉപഭോക്താക്കളിൽ നിന്നുള്ള വരുമാനം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൊത്തം വരുമാനത്തിന്റെ '34.82' ശതമാനത്തോളം വരും. 2016-17-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൊത്തം വരുമാനം '11200' കോടി രൂപയും ഗാർഹിക ഉപഭോക്താക്കളിൽ നിന്നുള്ള വരുമാനം 3900 കോടി രൂപയും ആകുന്നു. |
| (സി) | ഊർജ്ജ പ്രതിസന്ധി നേരിടുന്നതിനായി ഗാർഹിക ഉപഭോക്താക്കൾക്ക് കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന ലാഭ പ്രഭ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിച്ച് ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതിനായി ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (DELP) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ എൽ.ഇ.ഡി മിഷൻ പങ്കാളികളായ EESL |

| | | | |
|---|---|---|---|
| | | | എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനവുമായി സഹകരിച്ച് 75 ലക്ഷം ഉപഭോക്താക്കൾക്ക് 2 എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ഇതുവരെ 1 കോടിയിൽപരം ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ